ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്

ഗവ. എൽ. പി. സ്കൂൾ ചേരിപ്പാടി

11407

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

Scanned with OKEN Scanner

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ: എൽ.പി.സ്കൂൾ ചേരിപ്പാടി. |
| വിലാസം | : | മോലോത്തുംകാൽ ബേഡഡുക്ക. പി.ഒ കാസർഗോഡ് |
| ഫോൺ | : | 04994 210023 |
| സ്കൂൾ കോഡ് | : | 11407 |
| U-DISE CODE | : | 32010300702 |
| വിദ്യാഭ്യാസ ഉപജില്ല | : | കാസർഗോഡ്. |
| റവന്യൂ ജില്ല | : | കാസർഗോഡ് |
| ബി.ആർ.സി | : | കാസർഗോഡ് |
| സി.ആർ.സി | : | ബേഡകംമ്പ്ര |
| ഗ്രാമപഞ്ചായത്ത് | : | ബേഡഡുക്ക |
| ജില്ലാപഞ്ചായത്ത് | : | കാസർഗോഡ് |
| നിയമസഭാമണ്ഡലം | : | ഉദുമ |
| ലോക്സഭാമണ്ഡലം | : | കാസർഗോഡ് |
| താലൂക്ക് | : | കാസർഗോഡ്. |



Scanned with OKEN Scanner

[illegible] : [illegible]

ഇ മെയിൽ : glpscheripady1@gmail.com

[illegible] : [illegible]

# അവസ്ഥാ വിശകലനം

ഒന്നു മുതൽ നാല് വരെ ക്ലാസുകളിലായി 61 കുട്ടികളും പ്രീ-പ്രൈമറിയിൽ 17 കുട്ടികളും പഠിക്കുന്നു. ഹെഡ്മാസ്റ്റർ അടക്കം നാല് സ്ഥിരാധ്യാപകർ ഉണ്ട്. ഒരു പി.ടി.സി.എം ന്റെ ഒഴിവ് ഇവിടെ നിലനിൽക്കുന്നു.

ഓഫീസിന് പുറമെ 4 ക്ലാസ്മുറികളും ഒരു ഹാളും പൂർവ്വവിദ്യാർത്ഥികൾ നിർമ്മിച്ചു നൽകിയ ഒരു സ്റ്റേജും വിദ്യാലയത്തിനായുണ്ട്. പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3 ടോയ്‌ലറ്റും ബ്ലോക്ക് പഞ്ചായത്ത് 2 ടോയ്‌ലറ്റും നിർമ്മിച്ചു നൽകി. പോഷൺ അഭിയാൻ പദ്ധതി പ്രകാരം അടുക്കളയും സ്റ്റോർ റൂമും നിർമ്മിച്ചുനൽകി. പഞ്ചായത്ത് ഒരു ഭക്ഷണശാലയും നിർമ്മിച്ചു. വിദ്യാലയത്തിൽ ആവശ്യമായ കുടിവെള്ള സൗകര്യം നമുക്ക് ഒരുക്കി തരുന്നത് ബേഡഡുക്ക ഗ്രാമപഞ്ചായത്താണ്.



Scanned with OKEN Scanner

# ആമുഖം

## വിദ്യാലയത്തിന്റെ ലഘുചരിത്രം.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ മോലോത്തുംകാൽ എന്ന പ്രദേശത്ത് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. പൊയിനാച്ചി ബന്തടുക്ക റോഡിൽ തോരോത്ത് ജംഗ്ഷനിൽ നിന്നും മൂന്നര കിലോമീറ്റർ തെക്കുമാറിയുള്ള പ്രദേശമാണ് മോലോത്തുംകാൽ ഗ്രാമം.

അവിഭക്ത ബേഡഡുക്ക പഞ്ചായത്തിലെ ചേരിപ്പാടിയിൽ 1-10-1955-ൽ വാഴുന്നവരുടെ പ്രവർത്തനരഹിതമായി കിടന്ന ഒരു പമ്പ് ഷെഡിലാണ് ഈ സ്കൂളിന്റെ ആരംഭം. ജീർണ്ണാവസ്ഥയിലായ പമ്പ് ഷെഡിൽ നിന്നും 1964-ൽ പൊട്ട, മൊട്ടമ്മൽ ചൂളിക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ ഉദാരമതികളായ നാട്ടുകാരുടെ ശ്രമഫലമായി

മേലോത്തും കാലിൽ 60×20 കെട്ടിടം പണിത് സ്കൂൾ ആരംഭിച്ചു. ബഹുമാന്യരായ കാട്ടൂർ കണ്ണൻ നായർ, ചൂളിക്കാട് ഗോപാ-ലൻ നായർ, കൃഷ്ണൻനായർ തുടങ്ങി ഒട്ടനവധി ആളുകളുടെ ശ്രമവും, ശ്രീ. കുഞ്ഞിക്കണ്ണൻ മാസ്റ്ററുടെ നേതൃത്വവും ഈ കെട്ടിട സ്ഥാപനത്തിന് വഴിയൊരുക്കി. ആ കാലത്ത് വാവട്ടുക്കം അമ്പിലാടി, ചൊട്ട, വലിയപാറ, ചൂളിക്കാട് നേര, കൈരളിപ്പാറ, കുരുട്ടിപ്പാറ, മടപ്പള്ളി തുടങ്ങിയ വിശാലമായ പ്രദേശങ്ങളിലെ ജനങ്ങളുടെ ഏക വിദ്യാഭ്യാസ കേന്ദ്രമായിരുന്നു ചേരിപ്പാടി സ്കൂൾ.

ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സ്കൂളിനെ അലട്ടികൊണ്ടിരുന്ന കാലത്ത് 1985-ൽ മൂത്രപ്പുര, കക്കൂസ് എന്നിവ അനുവദിച്ചു കിട്ടി. കുട്ടികളുടെ ബാഹുല്യത്തിൽ സൗകര്യങ്ങളും പോരാതെ വന്നപ്പോൾ 1990-ൽ ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതിയിൽ

ഉൾപ്പെടുത്തി 2 ക്ലാസ്മുറിയും ഓഫീസ് മുറിയും പണി കഴിപ്പിച്ചു. പിന്നീടുള്ള വർഷത്തിൽ ഒരു ക്ലാസ്മുറി കൂടി അനുവദിച്ചു. തുടർന്ന് ത്രിതല പഞ്ചായത്തിന്റെ സഹായത്തോടെ കഞ്ഞിപ്പുര, കാറ്റാടിയന്ത്രം, കുഴൽക്കിണർ എന്നിവ അനുവദിച്ചു കിട്ടി. പഴയ കെട്ടിടത്തിന്റെ മേൽക്കൂര ഗ്രാമപഞ്ചായത്ത് പുതുക്കിപ്പണിതു. എസ്.എസ്.എ. വകയായി കക്കൂസും മൂത്രപ്പുരയും അനുവദിച്ചു കിട്ടി.

നിലവിൽ പ്രവർത്തനക്ഷമമായ 2 കമ്പ്യൂട്ടറുകളും 4 ലാപ്ടോപ്പും വിദ്യാലയത്തിലുണ്ട്. 2 പ്രൊജക്ടറുകളും ഉണ്ട്. ഇന്റർനെറ്റ് സൗകര്യവും എല്ലാ ക്ലാസിലും വൈദ്യുതി സംവിധാനവും ഫാനും ഉണ്ട്. നല്ലൊരു കളിസ്ഥലവും ഭിന്നശേഷിക്കാരായ കുട്ടികൾക്കായി കൈവരിയുള്ള റാമ്പും വിദ്യാലയത്തിലുണ്ട്. ഭക്ഷണശാലയും അടുക്കളയും സ്റ്റോർറൂമും ഉണ്ട്.

പുതിയ കെട്ടിടത്തിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഭരണാനുമതി കിട്ടാത്തതിനാൽ കെട്ടിടനിർമ്മാണം വൈകുകയാണ്. ഇതിനും ഉടനടി പരിഹാരം ആവശ്യമാണ്.

കുടിവെള്ളത്തിനായി പഴയ ബോർവെല്ലാണ് ആശ്രയം. ഇരുമ്പ് പൈപ്പായതിനാൽ തുരുമ്പിന്റെ അംശം വെള്ളത്തിൽ കലരുന്നു. സ്കൂൾ പറമ്പിൽ ഒരു കിണർ ഉണ്ടെങ്കിലും വേനൽക്കാലത്ത് വറ്റുന്നു. ആയതിനാൽ പുതിയൊരു ബോർവെൽ കുഴിക്കുകയോ കിണറിന്റെ ആഴം കൂട്ടുകയോ ചെയ്യേണ്ടത് അത്യാവശ്യമാണ്.



Scanned with OKEN Scanner

## ലക്ഷ്യങ്ങൾ

### അക്കാദമികം

- സ്കൂളിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കുക.
- എഴുത്തിലും വായനയിലും പ്രാവീണ്യമുള്ളവരാക്കുക.
- അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുക.
- ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവരാക്കുക.
- കലാ കായിക-പ്രവർത്തിപരിചയ മേഖലകളിൽ കഴിവുള്ളവരാക്കുക.
- സർഗ്ഗാത്മക പ്രകടനത്തിനുള്ള അവസരം നൽകുക.
- വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുക.

### ഭൗതികം

- പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുക.
- സ്മാർട്ട് ക്ലാസ് റൂമുകൾ ഒരുക്കുക.
- ലാബ്/ലൈബ്രറി/ഗണിതലാബ് മുതലായവ ഒരുക്കുക.

Scanned with OKEN Scanner

# അക്കാദമിക ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും ഉയർന്ന നിലവാരത്തിൽ വായനാശേഷി/ ലേഖന ശേഷി നേടൽ
- അടിസ്ഥാന ഗണിതശേഷി സ്വായത്തമാക്കൽ
- ഇംഗ്ലീഷ് ഭാഷാ നൈപുണി വളർത്തൽ
- ലൈബ്രറി ശാക്തീകരണം
- സർഗാത്മക ശേഷി കൈവരിക്കൽ
- സ്പോക്കൺ ഇംഗ്ലീഷ്
- ശാസ്ത്രാഭിരുചി വളർത്തൽ
- പ്രകൃതി വിഭവങ്ങൾ മനസ്സിലാക്കൽ, സംരക്ഷിക്കൽ
- ഗണിത ലാബ്/ ഗണിതാന്തരീക്ഷം സൃഷ്ടിക്കൽ
- വൈവിധ്യമാർന്ന രീതിയിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ
- കാർഷിക സംസ്കാരം വളർത്തിയെടുക്കൽ
- നല്ല ഭക്ഷണ ശീലം വളർത്തിയെടുക്കൽ
- ശുചിത്വം/ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെടൽ
- കലാ കായിക വിനോദങ്ങളിൽ ഏർപ്പെടൽ
- നല്ല പെരുമാറ്റ ശീലങ്ങൾ സ്വായത്തമാക്കൽ
- മൂല്യബോധം വളർത്തൽ
- ലഹരി വിമുക്ത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ



Scanned with OKEN Scanner

- സാമൂഹിക ബോധം വളർത്തൽ
- പഠനയാത്രകളിൽ പങ്കെടുക്കൽ
- പ്രവൃത്തി പരിചയ പഠനം
- പഠനോപകരണ ശില്പശാല
- ബ്ലോഗ്
- നിരന്തര വിലയിരുത്തൽ
- ഈടം ക്ലിനിക്കുകൾ
- നന്മകൾ ഉപകാരവാക്കി.

സമൂഹ പങ്കാളിത്തം ഉറപ്പാക്കാനായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ.

- വിദ്യാലയ വികസന സമിതി
- പൂർവ വിദ്യാർത്ഥി സംഗമം
- പ്രവാസി കൂട്ടായ്മ
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവവിദ്യാർത്ഥികൾ, പൂർവാദ്ധ്യാപകർ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ
- റിസോഴ്സ് മാപ്പിംഗ്
- പഠന കൂട്ടം

പ്രവർത്തനം-1

പേര്: മികച്ച വായനക്കാരാക്കുക.

ഉപമേഖല: അർത്ഥപൂർണ്ണമായ വായനയിലേക്ക് നയിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| മികച്ച വായനക്കാരാക്കുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുക. | ജൂൺ | ക്ലാസ് ടീച്ചർ | | PTA | HM |
| | • വായനാമൂല | | | | | |
| | • ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | ജൂൺ-മാർച്ച് | | | H.M | |
| | • വായനാക്കുറിപ്പ് | | SRG | | | PTA |
| | • പുസ്തകചർച്ച | ജൂലൈ-മാർച്ച് | | | | |
| | • വായനാകാർഡ് | | | | | |
| | • അമ്മവായന | | | | CPTA | |
| | • വായനാസാമഗ്രികൾ വികസിപ്പിക്കൽ | ജനുവരി-മാർച്ച് | PTA | | | |
| | • വായനോത്സവം സംഘടിപ്പിക്കൽ. | | | | | |

Scanned with OKEN Scanner

പ്രവർത്തനം - 2

പേര് : എഴുത്തുകൂട്ടം

ഉപമേഖല : ഭാഷാശേഷിവികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | • ലഘുവാക്യനിർമ്മാണം<br>• കുറിപ്പുകൾ തയ്യാറാക്കൽ. | JUNE-JULY | ക്ലാസ് ടീച്ചർ | | PTA | HM<br>PTA |
| | • വായനാക്കുറിപ്പ്<br>• ഇൻലന്റ് മാഗസിൻ | June-March | SRG | | HM | CPTA |
| | • ആസ്വാദനക്കുറിപ്പ്<br>• വർണ്ണന / വിവരണം | മാസംതോറും | | | | |
| | • ഡയറി<br>• ചുമർപത്രിക | എല്ലാ ദിവസവും | | | | |
| | • പതിപ്പ്<br>• കഥ / കവിതാരചന | June-March | | | | |

Scanned with OKEN Scanner

പ്രവർത്തനം -3

പേര് : രചനാശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാസാമഗ്രികളുടെ നിർമ്മാണം. | • കഥയരങ്ങ്/കവിയരങ്ങ് രചനാശില്പശാലകളിവ സംഘടിപ്പിക്കൽ.<br>• രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ.<br>• അവ ക്ലാസ് മുറിയിൽ പഠനസാമഗ്രിയായി ഉപയോഗിക്കൽ. | രണ്ട്മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാസാഹിത്യവേദി | | PTA<br>ക്ലബ്ബുകൾ<br>സന്നദ്ധ പ്രവർത്തകർ<br>SRG | PTA<br>പഞ്ചായത്ത്. |

പ്രവർത്തനം - 4

പേര് : അഭിനയക്കളരി , ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിട്ടറിങ് |
|---|---|---|---|---|---|---|
| • ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ, അഭിനയത്തിൽ അഭിരുചി വളർത്തുക. | • പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യകൃതികളുടെ നാടകാവിഷ്കാരം<br>• ബാലസഭ<br>• ക്ലാസ്. | മാസത്തിൽ ഒരിക്കൽ.<br>ആഴ്ചയിലൊരിക്കൽ<br>ജനുവരി | SRG<br>വിദ്യാരംഗം | | PTA | PTA |

Scanned with OKEN Scanner

പ്രവർത്തനം : 5

പേര് : പ്രസംഗപീഠം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| • പൊതുവേദികളിൽ സംസാരിക്കാൻ പ്രാപ്തരാക്കുക | • അസംബ്ലി<br>• ബാലസഭ<br>• വിദ്യാരംഗം. | ജൂൺ - മാർച്ച് | HM | | HM | HM |
| | | മാസത്തിലൊരിക്കൽ. | ക്ലാസ് ടീച്ചർ<br>വിദ്യാരംഗം | | PTA | PTA |

Scanned with OKEN Scanner

പ്രവർത്തനം : 6

പേര് : വോക്കൽ ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷാ ശേഷി വികസനം | • സ്കൂളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് എല്ലാ ദിവസവും രാവിലെ പ്രവർത്തിസമയം തുടങ്ങുന്നതിനു മുമ്പായി മൈക്കിലൂടെ അധ്യാപകർ മാറിമാറി ഇംഗ്ലീഷിൽ വിശദീകരിക്കുന്നു. | ജൂൺ- മാർച്ച് | മുഴുവൻ അധ്യാപകർ | | HM | HM SRG |

Scanned with OKEN Scanner

പ്രവർത്തനം - 7

പേര് : വേർഡ് പസിൽ

ഉപമേഖല : പദസമ്പത്ത് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പങ്കാളിത്തം | മോണിറ്ററിങ് |
|---|---|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | • ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു.<br>• കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | | പ്രധാനാധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ |

Scanned with OKEN Scanner

പ്രവർത്തനം - 8

പേര് - ഇംഗ്ലീഷ് കോർണർ

ഉപമേഖല - ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | • ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ് | | ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ | പ്രധാനാധ്യാപകൻ |

Scanned with OKEN Scanner

പ്രവർത്തനം - 9

പേര് - ഇംഗ്ലീഷ് ഡയറി

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | • ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ജൂൺ - മാർച്ച് | 3,4 ക്ലാസ്സിലെ അധ്യാപകർ | | പ്രധാനാധ്യാപകർ | ക്ലാസ് ടീച്ചർ |

Scanned with OKEN Scanner

പ്രവർത്തനം - 10

പേര് - സ്പോക്കൺ ഇംഗ്ലീഷ്

ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| ഇംഗ്ലീഷിൽ നന്നായി സംസാരിക്കാനുള്ള ശേഷി നേടാൻ | • കമന്ററി ചാർട്ട് തയ്യാറാക്കൽ<br>• സ്കിറ്റ്<br>• പസിൽ<br>• ഇംഗ്ലീഷ് അസംബ്ലി<br>• റൈംസ്<br>• ഷോർട്ട് സ്റ്റോറി ഉൾപ്പെട്ട സിനിമ പ്രദർശനം<br>• ആഴ്ചയിലൊരു ദിവസം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | ജൂൺ - മാർച്ച്<br>ആഴ്ചയിലൊരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ<br>ക്ലാസ് അധ്യാപകർ | | SSA | പ്രധാനാധ്യാപകൻ |

Scanned with OKEN Scanner

പ്രവർത്തനം : 11

ഉപമേഖല : ശാസ്ത്രാഭിരുചി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | • ഫീൽഡ് ട്രിപ്പ്<br>• നിരീക്ഷണം<br>• സസ്യജന്തു വൈവിധ്യം തിരിച്ചറിയൽ<br>• പ്രവർത്തനങ്ങളിലെ ശാസ്ത്രീയത പുലർത്തൽ.<br>• പക്ഷി നിരീക്ഷണം.<br>• വാന നിരീക്ഷണം. | ജൂൺ - മാർച്ച് | H.M<br>PTA | | H.M<br>PTA<br>SSG | H.M<br>PTA |

പ്രവർത്തനം : 12

പേര് : ശാസ്ത്രലാബ് നവീകരണം.

ഉപമേഖല: ശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| • ശാസ്ത്രലാബിനെ സജ്ജീകരിക്കൽ.<br>• ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ. | • ശാസ്ത്രലാബിൽ ഉപകരണങ്ങൾ ക്രമീകരിക്കൽ.<br>• കാറ്റലോഗ് തയ്യാറാക്കൽ.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തൽ. | ജൂലൈ<br>ആഗസ്റ്റ്<br>ജൂൺ | ക്ലാസ് ടീച്ചർ.<br>• ശാസ്ത്ര ക്ലബ്ബ്<br>H.M<br>SRG | | H.M<br>PTA | H.M |

Scanned with OKEN Scanner

പ്രവർത്തനം : 13

പേര് : ആരോഗ്യത്തോടെ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| • ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | • ആരോഗ്യ ക്ലബ്<br>• വ്യക്തി ശുചിത്വം<br>• നല്ല ഭക്ഷണശീലങ്ങൾ<br>• പരിസര ശുചിത്വം<br>• പോഷകസമൃദ്ധമായ ഭക്ഷണം.<br>• പകർച്ചവ്യാധി, മഴക്കാലരോഗങ്ങൾ എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ. | ജൂൺ<br>ജൂൺ<br>മാർച്ച്<br>ജൂൺ<br>ജൂലൈ | HM<br>PTA<br>PHC<br>SSG | | HM<br>PTA | PTA<br>പഞ്ചായത്ത് |

Scanned with OKEN Scanner

പ്രവർത്തനം : 14

പേര് : ജനാധിപത്യത്തിന്റെ കാവൽക്കാർ

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| കുട്ടികളിൽ ജനാധിപത്യ മൂല്യം വളർത്തിയെടുക്കൽ | • സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്.<br>• പ്രവർത്തനങ്ങളിൽ തുല്യ പങ്കാളിത്തം ഉറപ്പുവരുത്തൽ<br>• ഗ്രാമസഭകളിൽ ഉള്ള പങ്കാളിത്തം<br>• സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുക്കൽ<br>• സാമൂഹ്യശാസ്ത്ര ക്ലബ് രൂപീകരിക്കൽ. | ജൂലൈ<br>ജൂൺ<br>മാർച്ച്<br>ജൂൺ | HM<br>വാർഡ് മെമ്പർ<br>PTA | | HM<br>പഞ്ചായത്ത്<br>SSG<br>SRG | HM<br>PTA |

പ്രവർത്തനം : 15

പേര് : സംസ്കൃതി തിരിച്ചറിയൽ

ഉപമേഖല : സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| • ചരിത്രാവബോധം വളർത്തുന്നു. | • ദിനാചരണങ്ങൾ<br>• പ്രധാന സ്ഥലങ്ങളിലേക്കുള്ള ഫീൽഡ്ട്രിപ്പ്.<br>• പഠനയാത്ര<br>• ഫോട്ടോഗാലറി<br>• വിവിധ കലാരൂപങ്ങൾ കാണാനും പരിചയപ്പെടാനുമുള്ള അവസരങ്ങൾ ഒരുക്കൽ.<br>• ഭൂപട, ആൽബം നിർമ്മാണം. | ജൂൺ<br>മാർച്ച്<br>ജനുവരി<br>ഡിസംബർ. | HM<br>PTA<br>SRG<br>SSR | | HM<br>PTA<br>SRG | HM<br>PTA |

പ്രവർത്തനം : 16

പേര് : ഗണിതകേളി

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|
| • ഗണിതത്തിന്റെ ആവശ്യകത ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | • സംഖ്യാഗാനങ്ങൾ<br>• കണക്കിലെ കളികൾ<br>• കുസൃതി കണക്കുകൾ<br>• പസിലുകൾ | | | | |

Scanned with OKEN Scanner

| | |
|---|---|
| പ്രവർത്തനം | 17 |
| പേര് | ഗണിത ലാബ് |
| ഉദ്ദേശ്യം | ഗണിതലാബ് സജ്ജീകരിക്കൽ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ. | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ.<br>• ലാബിൽ വച്ച് കുട്ടികൾക്ക് ഗണിതകളികളിൽ ഏർപ്പെടുവാൻ ഉള്ള അവസരം ഉണ്ടാക്കുന്നു.<br>• ഗണിത റഫറൻസ് പുസ്തകങ്ങൾ, വർക്കിങ് മോഡലുകൾ, ഗണിത ചിത്രങ്ങൾ, അബാക്കസ്, ജ്യാമിതിയ രൂപങ്ങൾ, ജ്യാമിതിയ ചാർട്ടുകൾ എന്നിവ അതത് ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തി | ജൂൺ<br>ജൂൺ<br>മാർച്ച്<br>ജൂൺ | മൂന്നാം ക്ലാസിലെ ഗണിത അധ്യാപകൻ | | എസ്.എസ്.എ പഞ്ചായത്ത് | ബി.ആർ.സി |

| | |
|---|---|
| പ്രവർത്തനം | 17 |
| പേര് | ഗണിത ലാബ് |
| ഉപമേഖല | ഗണിതലാബ് സജ്ജീകരിക്കൽ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ. | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ.<br>• ലാബിൽ വച്ച് കുട്ടികൾക്ക് ഗണിത കളികളിൽ ഏർപ്പെടുവാൻ ഉള്ള അവസരം ഉണ്ടാക്കുന്നു.<br>• ഗണിത റഫറൻസ് പുസ്തകങ്ങൾ, വർക്കിങ് മോഡലുകൾ, ഗണിത ചിത്രങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ, ജ്യാമിതീയ ചാർട്ടുകൾ എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തിക | ജൂൺ<br>ജൂൺ<br>മാർച്ച്<br>ജൂൺ | മൂന്നാം ക്ലാസിലെ ഗണിത അദ്ധ്യാപകൻ | | എസ്.എസ്.എ ഉപാദ്ധ്യായന്മാർ | ബി.ആർ.സി |

| പ്രവർത്തനം | 18 |
|---|---|
| പേര് | ചതുഷ്ക്രിയകൾ |
| ഉപമേഖല | പ്രശ്നാപഗ്രഥനം |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അടിസ്ഥാനാശയങ്ങൾ പഠിപ്പിക്കപ്പെടുത്തുന്നു.<br>• സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>• ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>• ഗണിത ക്ലബ്<br>• പഠനോപകരണ ശേഖരണം.<br>• വർക്ക് ഷീറ്റുകൾ | ജൂൺ<br>ജൂൺ മാർച്ച്<br>ജനുവരി<br>ജൂൺ<br>ആഗസ്റ്റ്<br>ജൂൺ | പ്രധാനാധ്യാപിക<br>എസ്.ആർ ജി. കൺവീനർ | | എസ് എസ് എ. | പ്രധാനാധ്യാപിക.<br>ബി.ആർ സി. |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| പ്രവർത്തനം | 19 | | | | | |
| പേര് | ഗണിത ക്ലബ്ബ് | | | | | |
| ഉപമേഖല | ഗണിത ആസ്വാദനം | | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ്ങ് |
| ഗണിത ആസ്വാദനം | • കുസൃതി കണക്ക്<br>• പസിലുകൾ<br>• ക്വിസ് മത്സരം<br>• ഐ ടി സി സാധ്യത കണക്കിലെ കളികൾ<br>• സംഖ്യാ ഗാനങ്ങൾ<br>• ഗണിത ചന്തകൾ<br>• പാറ്റേൺ നിർമ്മാണം ജ്യാമിതീയ രൂപങ്ങൾ | ജൂൺ-മാർച്ച്<br>മാസംതോറും<br>ജൂൺ-മാർച്ച്<br>ആഗസ്റ്റ്<br>സെപ്റ്റംബർ | ക്ലാസ് അധ്യാപകർ | | ബി.ആർ.സി | പ്രധാനാധ്യാപിക |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| പ്രവർത്തനം | 20 | | | | | |
| പേര് | ഫോട്ടോ ആൽബം | | | | | |
| ഉപമേഖല | ഫോട്ടോ ആൽബം | | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചിലവ് | സഹായിക്കുന്നവർ | വിലയിരുത്തൽ | ഭേദഗതികൾ |
| ഫോട്ടോ ആൽബം | • ഒറ്റ വിദ്യാലയത്തിലെ നടത്തിയ പ്രവർത്തനങ്ങളുടെയും കുട്ടികളുടെയും ഫോട്ടോകൾ ആൽബമാക്കി പ്രദർശിപ്പിക്കുന്നു<br>• നാലാം ക്ലാസ് വിദ്യാലയത്തിലെ കുട്ടികളുടെ ഫോട്ടോകൾ ആൽബത്തിൽ ചേർക്കുന്നു. | സെപ്റ്റംബർ മുതൽ മാർച്ച് വരെ. | [illegible] | | [illegible] | [illegible] |

| | |
|---|---|
| പ്രവർത്തനം | 20 |
| പേര് | മാർബിൾ ജ്യൂസ് |
| ഉപകരണം | മാർബിൾ ജ്യൂസ് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചിട്ടകൾ | സാമഗ്രികൾ | പിന്തുണ | ഫീഡ്ബാക്ക് |
|---|---|---|---|---|---|---|
| മാർബിൾ ജ്യൂസ് | • ഒരു ചിത്രത്തിലെ നിറം ശ്രദ്ധിച്ചാണ് കേട്ട് കുട്ടികളുടെ മ്യൂസിക്കൽ ജ്യൂസ്. ചിത്രം പകർത്തുന്നു.<br>• നമ്മുടെ ചിത്രത്തിലെ കുട്ടികളുടെ മ്യൂസിക്കൽ ജ്യൂസിൽ കേൾക്കുന്നു. | രാവിലെ 9 മണി മുതൽ 10 വരെ. | ഘട്ടം - 5 ചാർട്ടുകളുടെ ശ്രദ്ധയോടെ | | ചാർട്ട് പേപ്പർ മാർബിൾ | പ്രോത്സാഹനം |

| | |
|---|---|
| പ്രവർത്തനം | 22 |
| പേര് | പ്രതിഭകളെ കണ്ടെത്തൽ |
| ഉപമേഖല | പ്രതിഭകളെ കണ്ടെത്തൽ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും തുല്യ പങ്കാളിത്തം ഉറപ്പാക്കുക. | • എല്ലാ വിഭാഗത്തിൽ പെട്ട കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ<br>• ചുമതല വിഭജനത്തിലെ തുല്യ പങ്കാളിത്തം<br>• ഗ്രൂപ്പ് പ്രവർത്തനങ്ങൾ.<br>• എല്ലാ കുട്ടികൾക്കും മാറിമാറി ലീഡർഷിപ്പ് സ്ഥാനം. | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | എസ്.ആർ.ജി കൺവീനർ | | പ്രധാനാധ്യാപിക | പ്രധാനാധ്യാപിക. |

Scanned with OKEN Scanner

| | |
|---|---|
| പ്രവർത്തനം | 23 |
| പേര് | കലാ കായിക പരിശീലനം. |
| ഉപമേഖല | കലാകായിക വിദ്യാഭ്യാസം |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ്. |
|---|---|---|---|---|---|---|
| കുട്ടികളിലുള്ള കലാകായിക വാസനകളെ പരിപോഷിപ്പിക്കൽ. | • രചനാ ശില്പശാല<br>അഭിനയക്കളരി<br>നൃത്തപരിശീലനം<br>ചിത്രം വര<br>കായിക പരിശീലനം. | ജൂൺ – മാർച്ച് | പ്രധാനാധ്യാപിക<br>പി.ടി.എ<br>എസ്.എസ്.ജി | | പ്രധാനാധ്യാപിക.<br>എസ്.ആർ.ജി<br>എസ്.എസ്.ജി<br>സന്നദ്ധ സംഘടനകൾ | പ്രധാനാധ്യാപിക |

Scanned with OKEN Scanner

| | |
|---|---|
| പ്രവർത്തനം | 24 |
| പേര് | ഉച്ചഭക്ഷണ പരിപോഷണ പരിപാടി |
| ഉപമേഖല | ആരോഗ്യ വിദ്യാഭ്യാസം |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| പോഷകസമൃദ്ധമായ ഉച്ചഭക്ഷണ പ്രദാന ഭക്ഷണത്തിലൂടെ ആരോഗ്യപരിപാലനം. | • എല്ലാ ദിവസവും പ്രഭാതഭക്ഷണം<br>• ഇലക്കറികൾ, ധാന്യങ്ങൾ മുട്ട, മാംസം, പാൽ, പച്ചക്കറികൾ എന്നിവ ഉൾപ്പെടുത്തി വിഭവസമൃദ്ധമായ ഭക്ഷണം തയ്യാറാക്കൽ.<br>• പ്രാദേശികമായ വിഭവങ്ങൾ ലഭ്യമാക്കൽ.<br>• പഴയകാല ഭക്ഷണ ശീലങ്ങൾ പിന്തുടരൽ. | ജൂൺ<br>മാർച്ച് | പ്രധാനാധ്യാപിക<br>എം.പി.ടി.എ<br>എസ്.എസ്.ജി<br>സന്നദ്ധ സംഘടനകൾ | | പ്രധാനാധ്യാപിക.<br>പി.ടി.എ. |

Scanned with OKEN Scanner

| | |
|---|---|
| പ്രവർത്തനം | 25 |
| പേര് | യോഗ |
| ഉപമേഖല | ആരോഗ്യ വിദ്യാഭ്യാസം |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| കുട്ടികളിൽ നല്ല ആരോഗ്യ ശീലങ്ങൾ വളർത്തൽ | • എല്ലാ ദിവസവും രാവിലെ അരമണിക്കൂർ യോഗ പരിശീലനം<br>• യോഗ പരിശീലനം. | ജൂൺ<br>മാർച്ച്<br>മാർച്ച് | ആരോഗ്യക്ലബ്ബ് | | പഞ്ചായത്ത്<br>എസ്.എസ്.ജി<br>പി.ടി.എ | പ്രധാനാധ്യാപിക<br>പഞ്ചായത്ത്. |

Scanned with OKEN Scanner

| | |
|---|---|
| പ്രവർത്തനം | 26 |
| പേര് | സർഗവസന്തം |
| ഉപമേഖല | ഭിന്നശേഷിക്കാരെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|---|---|
| എല്ലാ വിഭാഗം കുട്ടികളും പ്രത്യേക പരിഗണന അർഹിക്കുന്നവർ പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക. | • പഠനോപകരണ ശില്പശാല<br>• പ്രത്യേക ക്യാമ്പ്<br>• ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>• കുട്ടിയെ ഒരു യൂണിറ്റായി കണ്ടുള്ള പഠനാസൂത്രണം.<br>• വർക്ക് ഷീറ്റ്. | ജൂൺ<br>സെപ്റ്റംബർ<br>ജൂൺ-മാർച്ച്<br>ജൂലൈ | ബി.ആർ.സി<br>രക്ഷിതാക്കൾ<br>എസ്.എസ്.ജി<br>ക്ലാസ് ടീച്ചർ | | പ്രധാനാധ്യാപിക | പ്രധാനാധ്യാപിക |

Scanned with OKEN Scanner

# പ്രതീക്ഷിത നേട്ടങ്ങൾ.

- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
- ശിശുസൗഹൃദ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- നാലാം തരം കഴിഞ്ഞു പോകുന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന വായനാശേഷിയും ലേഖനശേഷിയും ഉണ്ടാകും.
- അടിസ്ഥാന ഗണിത ശേഷിയുണ്ടാകും.
- ശാസ്ത്രാഭിരുചി ഉണ്ടാകും.
- മൂല്യബോധം വളരുന്നു.
- കൃഷി ഒരു സംസ്കാരമായി കാണുന്നു.
- അധ്യാപകരെ ശാക്തീകരിക്കൽ.

Scanned with OKEN Scanner

## മോണിറ്ററിംഗ്

പ്രതിഭയിൽ അക്കാദമിക് ലക്ഷ്യങ്ങൾ നിറവേറ്റാനായി അധ്യാപകരുടെ ടീച്ചിംഗ് മാനുവൽ. പഠനോപകരണങ്ങൾ ക്ലാസ്റൂം പ്രവർത്തനങ്ങൾ മൂല്യനിർണയ പ്രവർത്തനങ്ങൾ ഇവ പാഠഭാഗത്തിന് അനുയോജ്യമാണോ എന്ന് പ്രധാനാധ്യാപകൻ ആഴ്ചതോറും പരിശോധിക്കുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

സ്കൂളിന്റെ ഭൗതിക പ്രവർത്തനങ്ങൾ പ്രധാനാധ്യാപകൻ പി.ടി.എ പ്രസിഡന്റ് എസ് എം സി ചെയർമാൻ പഞ്ചായത്ത് അംഗങ്ങൾ എന്നിവർ മാസംതോറും വിലയിരുത്തുന്നു.

വിദ്യാഭ്യാസ ഓഫീസർമാർ ടേമിൽ ഒരുതവണ സ്കൂൾ സന്ദർശിക്കുന്നു. വിലയിരുത്തുന്നു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

## ഉപസംഹാരം

വ്യക്തമായ കാഴ്ചപ്പാടോടുകൂടി ആസൂത്രണം ചെയ്ത പദ്ധതികൾ നിർവഹണ ഘട്ടത്തിലെത്തുമ്പോൾ ഈ വിദ്യാലയത്തിന്റെ മുഖച്ഛായതന്നെ മാറുമെന്നുറപ്പാണ്. ഉൽകൃഷ്ടരായ നാളെയുടെ ഭാവിതലമുറയെ രൂപപ്പെടുത്തുവാൻ ഈ വിദ്യാലയത്തിന് കഴിയും. ഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ ലോകനിലവാരത്തിലേക്കുയരുവാൻ.

Scanned with OKEN Scanner